അതുപോലെതന്നെ താമരശ്ശേരിയിൽ ഒരു റസ്റ്റ്ഹൗസ് വേണമെന്ന് വളരെ കൊല്ലങ്ങളായി ആവശ്യപ്പെടുന്നു. 1983-ൽ തന്നെ അതിന്റെ എസ്റ്റിമേറ്റെല്ലാം ശരിയാക്കി ടെൻഡർ വിളിച്ചതായിരുന്നു. അന്ന് ആ ടെണ്ടറിൽ അമിതമായ എക്സസ് വന്നതുകൊണ്ട് അത് സ്വീകരിച്ചില്ല. പിന്നീട് പല സ്ഥലങ്ങളിൽ നിന്നും റസ്റ്റ് ഹൗസുകൾ വേണ്മെന്നുള്ള നിരന്തരമായ ആവശ്യം ഗവൺമെന്റിന്റെ മുമ്പിൽ വന്നപ്പോൾ ഇതിന് പ്രത്യേകമായ ഒരു പ്രയോറിറ്റി ലിസ്റ്റ് ഉണ്ടാക്കണമെന്നു തീരുമാനിക്കുകയും ആ പ്രയോറിറ്റി ലിസ്റ്റ് ഈ വർഷംതന്നെ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. താമരശ്ശേരി റെസ്റ്റ്ഹൗസിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക ഉണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. പ്രയോറിറ്റി ലിസ്റ്റ് ലഭിച്ചുകഴിഞ്ഞാൽ ഈ വർഷത്തന്നെ ഈ റസ്റ്റ് ഹൗസിന്റെ പണി ആരംഭിക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹു. മെമ്പർ പറഞ്ഞ പിന്നെ ചില പാലങ്ങൾ പഞ്ചായത്തു റോഡുകളിലാണ്. ഒന്നുകിൽ ആ റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കണം അല്ലെങ്കിൽ പഞ്ചായത്തിന്റെ കോൺട്രിബ്യൂഷൻ ലഭിക്കാതെ അതെടുക്കാൻ സാദ്ധ്യമല്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. ഹിൽ ഹൈവേ റോഡ് പദ്ധതിയിൽ ചില റോഡുകളെല്ലാം ചെയ്തിരുന്നു. ആ സ്കീംതന്നെ ഇപ്പോൾ വേണ്ടെന്നു വച്ചിരിക്കുകയാണ്. ഹിൽ ഹൈവേ റോഡ് പദ്ധതി ഗവൺമെന്റ് നിർത്തലാക്കി. ആ പദ്ധതിയിലുൾപ്പെടുത്തി ചില റോഡുകളുടെ കുറേ ഭാഗം ചെയ്തിരുന്നു. അത് അവസാനിപ്പിച്ചു. ഇനി ആ റോഡ് മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട്, ജനറൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഈ പറഞ്ഞ എട്ടു റോഡുകളും അദ്ദേഹം പറഞ്ഞതുപോലെ വാണിജ്യവിളകളുടെ സുഗമമായ ട്രാൻസ്പോർട്ടിംഗിന് വളരെ ആവശ്യമാണ് എന്ന് അംഗീകരിച്ചു കൊണ്ടുതന്നെയാണ് ഇതിന് പ്രാധാന്യം നൽകണമെന്ന് ഉദ്ദേശിക്കുന്നത്. പക്ഷേ പൊതുവായ സാമ്പത്തിക പരാധീനത ഉള്ളതുകൊണ്ടാണ് എല്ലാ വർക്കുകളും ഈ സാമ്പത്തികവർഷത്തിൽതന്നെ എടുക്കാൻ സാധിക്കാതെ വരുന്നത്.

(12) നേമം പോലീസ് സ്റ്റേഷനിലെ പോലീസ് അതിക്രമം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കസ്റ്റഡിയിലെടുത്ത ഒരു അച്ഛനേയും മകനേയും നേമം പോലീസ് സ്റ്റേഷനിൽ നഗ്നരാക്കി നിർത്തിക്കൊണ്ട് ക്രൂരമായി മർദ്ദിച്ച ഒരു സംഭവമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. പ്രാവച്ചമ്പലത്തു താമസിച്ചിരുന്ന ശാന്തിനീദേവിയുടെ മക്കളാ നേമം സ്ക്കൂളിലും വെള്ളായണി സ്ക്കൂളിലുമാണ് പഠിക്കുന്നത്. അവർ ഇപ്പോൾ തിരുവനന്തപുരത്താണ് താമസിക്കുന്നത്. പ്രാവച്ചമ്പലത്ത് നാലു വയസായ കുട്ടിയെ വാഹനത്തിൽ ഇറക്കും. മൂത്ത കുട്ടിവന്ന് ആ കുട്ടിയെ കൂട്ടിക്കൊണ്ടുപോകും. ഒരു ദിവസം ഇവർ അന്യോന്യം കണ്ടുമുട്ടിയില്ല. കുട്ടികളെ ടീച്ചറുടെ വീട്ടിലെത്തി. രാത്രിയായതുകൊണ്ട് ടീച്ചർ ആ കുട്ടികളുടെ അമ്മയെങ്കിലും വരട്ടെന്നു കരുതി ആ വീട്ടിൽ നിർത്തി. രക്ഷകർത്താക്കളെ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. പോലീസ് ഒന്നും അന്വേഷിക്കാതെ നേരത്തേ ഇവർ താമസിച്ചിരുന്ന, വീട്ടുടമസ്ഥനായ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് റിട്ടയർ ചെയ്ത ഗോവിന്ദനേയും അദ്ദേഹത്തിന്റെ മകൻ പ്രീഡിഗ്രിക്ക് പഠിക്കുന്ന സുരേഷ്കുമാറിനേയും കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യംപോലും ചെയ്യാതെ വസ്ത്രം അഴിക്കാൻ പറഞ്ഞു. അച്ഛനോടും മകനോടും വസ്ത്രം ഒരുമിച്ച് അഴിപ്പിച്ചു സ്റ്റേഷനിലിട്ട് ക്രൂരമായി മർദ്ദിച്ചു. മർദ്ദിച്ചുകൊണ്ടിരിക്കുമ്പോൾ അവർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, കുട്ടികളെ കാണാത്തതാണെങ്കിൽ ദയവു ചെയ്തു സ്കൂളിൽ പോയി അന്വേഷിക്കണം കുട്ടികൾ അവിടെയെവിടെയെങ്കിലും ഉണ്ടാകുമെന്ന്. പോലീസ് അതു കേട്ടില്ല. പതിനൊന്നു മണിവരെ അവരെ മർദ്ദിച്ചു കൊണ്ടേയിരുന്നു. ഈ മർദ്ദനത്തിന്റെ ഫലമായി വേദന കൊണ്ടു പുളഞ്ഞ ഗോവിന്ദനും മകനും വാവിട്ടു നിലവിളിച്ചപ്പോൾ അവിടെ എത്തിച്ചേരാനിടവന്ന ഒരു മൊബൈൽ ഹെഡ്കോൺസ്റ്റബിൾ പറഞ്ഞു നമുക്ക് എന്തായാലും സ്കൂളിൽ പോയി അന്വേഷിക്കാമെന്ന്. പതിനൊന്നു മണിക്ക് സ്കൂളിൽ പോയി അന്വേഷിച്ചപ്പോൾ ടീച്ചറുടെ വീട്ടിൽ ഈ കുട്ടികളെ കണ്ടുകിട്ടി. സ്റ്റേഷനിൽ വീണ്ടും വന്ന് വിവരം പറഞ്ഞു. എന്നിട്ടും ഒരു മണിവരെ അവരെ ആ സ്റ്റേഷനിൽതന്നെ നിർത്തുക മാത്രമല്ല പോലീസ് മൃഗീയമായി രണ്ടുപേരേയും മർദ്ദിച്ചു. അടിച്ച് ശരീരത്തിന്റെ ഫ്രയിം തകർക്കുമെന്നാണു സർ, ഹെഡ് കോൺസ്റ്റബിൾ പറഞ്ഞത്. സർ, മീശ പിടുങ്ങിയതിന്റെ അടുത്ത സ്ഥലത്താണ് ഈ കേസ്. പോലീസ്, ഇന്ന് സത്യം പറഞ്ഞാൽ 'മർക്കടസ്യസുരാപാലൻ' എന്നു പറഞ്ഞതുപോലെ ഈ രാജ്യത്ത് എന്താണു ചെയ്യുന്നത്? ഈ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്ത് നടപടിയെടുക്കണം. ഇത്തരത്തിലുള്ള മൂന്നാംമുറ സംസ്ഥാനവ്യാപകമായി പോലീസ് സ്റ്റേഷനിൽ നടക്കുന്നു. ഇത് നിസാരമായി കണ്ടാൽ ഈ രാജ്യത്ത് പോലീസിനെ തടുക്കാനും തടയാനും കഴിയാതെ വരും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം, ഇന്നു രാവിലെ പത്രങ്ങളിൽ വന്നയുടനെ ഗവൺമെന്റ് മനസ്സിലാക്കുകയുണ്ടായി. 28-10-1986-ൽ ആറുകാൽ സ്വദേശിയായ ശാന്തിനീദേവിയുടെ മൂത്ത കുട്ടിയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നാലു വയസുള്ള റാണി എന്ന കുട്ടിയും സ്കൂളിൽ പോയിട്ട് തിരിച്ചു വന്നിട്ടില്ലെന്നും പ്രാവച്ചമ്പലത്തു താമസിക്കുന്ന സുരേഷ്കുമാർ കൂട്ടിക്കൊണ്ടു പോയിരിക്കുകയാണെന്നും നേരം പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. സുരേഷ് കുമാറിനെ പോലീസ്, സ്റ്റേഷനിൽ വരുത്തി ചോദ്യം ചെയ്യുകയും ചെയ്തു. വിവരങ്ങൾ മനസിലാക്കിയ ശേഷം സുരേഷ്കുമാറിന്റെ പിതാവ് ഗോവിന്ദനെ സ്റ്റേഷനിൽ വിളിപ്പിച്ച് കാര്യങ്ങൾ ധരിപ്പിക്കുകയാണുണ്ടായത്. കുട്ടികളെ കൂട്ടിക്കൊണ്ടുപോകാൻ ആരും വരാതിരുന്നതുകൊണ്ട് സുരേഷ്കുമാർ അവരെ ടീച്ചറുടെ വീട്ടിൽ കൊണ്ടുചെന്നാക്കുകയാണ് ചെയ്തത്. കുട്ടി പിന്നീട് ശാന്തിനീദേവിയുടെ വീട്ടിൽ തിരിച്ചെത്തി. സുരേഷ്കുമാറിനേയും അയാളുടെ പിതാവ് ഗോവിന്ദനേയും നഗ്നരാക്കി നിർത്തി ചോദ്യം ചെയ്തു എന്നുള്ളതു ശരിയല്ലെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാലും ഇതു സംബന്ധിച്ച് പത്രറിപ്പോർട്ട് കണ്ടയുടനെ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഇന്നുതന്നെ ഗവൺമെന്റിനു റിപ്പോർട്ടു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഈയടുത്ത ദിവസങ്ങളിൽ പോലീസ് അതിക്രമങ്ങളെക്കുറിച്ച് പല പത്രറിപ്പോർട്ടുകളും വരുന്നുണ്ട്. തങ്കമണിയിൽ നടന്ന സംഭവത്തെക്കുറിച്ച് കഴിഞ്ഞ ദിവസം മലയാള മനോരമയിൽ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. .....(ബഹളം)..... ഈ ഗവൺമെന്റിന്റെ നയം ഇതുപോലുള്ള സംഭവങ്ങൾ നടക്കാൻ പാടില്ലെന്നുള്ളതാണ്. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അതേ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി വിവരങ്ങൾ ശേഖരിച്ചതിനു ശേഷമാണ് നടപടി നടത്താറുള്ളത്. നേമം പോലീസ് സ്റ്റേഷനിൽതന്നെ ഒരാളുടെ മീശ പിഴുതുവെന്നുള്ള ഒരു പരാതി സഭയിൽ ഉന്നയിച്ചു. ആ സബ് ഇൻസ്പെക്ടറുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. പക്ഷേ ഗവൺമെന്റിന്റെ നയം എന്നുള്ള നിലയിൽ പോലീസ് സ്റ്റേഷനിൽ വച്ച് ഇതുപോലുള്ള മർദ്ദനങ്ങളോ മറ്റു കാര്യങ്ങളോ നടക്കാൻ പാടില്ലെന്ന് ശക്തമായ രീതിയിൽ വിവരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ദൗർഭാഗ്യകരമായ ചില സംഭവങ്ങളാണ് പത്രറിപ്പോർട്ടുകളിൽ കാണുന്നത്. പക്ഷേ ദൗർഭാഗ്യകരമായ ഈ സംഭവങ്ങളെക്കുറിച്ച് വളരെ ഗൗരവമായ രീതിയിൽ ഗവൺമെന്റ് കണക്കിലെടുക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. ഇപ്പോൾ തങ്കമണിയിൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് കഴിഞ്ഞ രണ്ടു ദിവസമായി അന്വേഷണം നടത്താൻ പോയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ രീതിയിൽ നടപടി സ്വീകരിക്കുന്നതാണെന്നു മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ : ഇവിടെ നേരത്തെ കാളിംഗ് അറ്റൻഷൻ വേളയിൽ ശ്രീ. കൃഷ്ണൻകുട്ടിയുടെ പരാമർശത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് വിശദമായി പരിശോധിച്ചു. ചട്ടപ്രകാരം ആരോപണങ്ങളോ ആരോപണ സ്വഭാവമുള്ള കാര്യങ്ങളോ ഉന്നയിക്കുന്നതിന് ഏതൊരു മെമ്പർക്കും അവകാശമുണ്ട്. കാളിംഗ് അറ്റൻഷന്റെ പരിധിയിൽ നിന്നുകൊണ്ട് ഇത് അത്തരത്തിലുള്ള കാര്യങ്ങൾ അനുവദിക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട ശ്രീ. കൃഷ്ണൻകുട്ടിയുടെ കാളിംഗ് അറ്റൻഷനിൽ പറയുന്നത്, ചിറ്റൂർ ഷുഗർ ഫാക്ടറിയിലെ മാനേജുമെന്റിന്റെ വീഴ്ചകളും കഴിവില്ലായ്മയും മൂലം നാം നാം ഈ സ്ഥാപനം തകർന്നുകൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് കരിമ്പ് കൃഷിക്കാരും ഈ സ്ഥാപനത്തെ ആശ്രയിച്ചു കഴിയുന്ന ജീവനക്കാരും അനുഭവിക്കുന്ന വിഷമങ്ങളിലേക്ക് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നുവെന്നുള്ളതാണ്. ഇതോടനുബന്ധിച്ച് ശ്രീ. കൃഷ്ണൻകുട്ടിയുടെ എക്സ്പ്ലനേറ്ററി നോട്ടും തന്നിട്ടുണ്ട്. കാളിംഗ് അറ്റൻഷനു എക്സ്പ്ലനേറ്ററി നോട്ട് ഒരു കാരണവശാലും പ്രസക്തിയില്ല. എക്സ്പ്ലനേറ്ററി നോട്ട് തന്നതുകൊണ്ട് അത് പ്രത്യേകമായി എന്തെങ്കിലും പറയാനുള്ള ഒരു അവകാശവും അല്ല. ശ്രീ. കൃഷ്ണൻകുട്ടിയുടെ പരാമർശം വിശദമായി പരിശോധിച്ചതിൽ അദ്ദേഹം നടത്തിയിട്ടുള്ള പരാമർശങ്ങൾ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. 'ഹെലി ഇംപ്രൊപ്പർ' ആയിട്ടുള്ളതാണ്. അദ്ദേഹത്തിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ചട്ടപ്രകാരം ഉന്നയിക്കുന്നതിൽ ചെയറിനു വിരോധമില്ല. ഇവിടെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കൻമാരെക്കുറിച്ച് പരാമർശം ഉണ്ടായിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട ശ്രീ. നമ്പൂതിരിപ്പാടിനെക്കുറിച്ച് ഒരിക്കൽ പരാമർശം ഉണ്ടായപ്പോൾ ചെയർ അത് നീക്കം ചെയ്തതാണ്. മറ്റുള്ളവരായി പത്രലേഖകരും മറ്റ് മാദ്ധ്യമങ്ങളും ഇത് റിപ്പോർട്ട് ചെയ്യരുതെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്. ഈ പറഞ്ഞ പരാമർശങ്ങൾ റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ അത് അവകാശലംഘനമായിരിക്കുമെന്ന് പ്രത്യേകം എടുത്തു പറയുകയാണ്. കാളിംഗ് അറ്റൻഷൻ എന്നുള്ള പരിധിയിൽ നിന്നുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. കൃഷ്ണൻകുട്ടിയുടെ പേര് തന്നെ പറയുകയാണ്. ദയവായി ദുരുപയോഗപ്പെടുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly